**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 131** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഉപരിപഠനത്തിനായി വിദ്യാർത്ഥികൾ സംസ്ഥാനത്തിന് പുറത്ത് പോകുന്ന പ്രവണത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. സിദ്ദിഖ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ വിദേശ രാജ്യങ്ങളിലെയും മറ്റ് സംസ്ഥാനങ്ങളിലെയും കോളേജുകൾ തിരഞ്ഞെടുക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | വിദ്യാർത്ഥി കുടിയേറ്റം ഒരു ആഗോള പ്രതിഭാസമാണ്. തുടർപഠനത്തിനും തൊഴിലിനും വേണ്ടി വിദ്യാർത്ഥികൾ ഇന്ത്യയിൽ നിന്ന് വിവിധ വിദേശരാജ്യങ്ങളിലേയ്ക്ക് കുടിയേറുന്നതായി വിവിധ റിപ്പോർട്ടുകൾ പുറത്ത് വരുന്നുണ്ട്. ഇത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സ്ഥാപനങ്ങളിലും പ്രകടമാണ്. ഈ വിഷയം സർക്കാർ ഗൗരവത്തോടെ തന്നെയാണ് കാണുന്നത്.<br><br>വിദ്യാർത്ഥി സമൂഹത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് ആകർഷിക്കുവാനുള്ള നിരവധി ഉദ്യമങ്ങൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പുതിയ തലമുറയുടെ അഭിരുചിക്ക് അനുസൃതമായി നിലവിലുള്ള എല്ലാ കോഴ്സുകളും പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാധാന്യം നൽകിക്കൊണ്ട് സംസ്ഥാനത്ത് 2024-25 അക്കാദമിക വർഷം മുതൽ നാലുവർഷ ബിരുദ പരിപാടി ആരംഭിച്ചു. FYUGP പ്രകാരം വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുത്ത പ്രോഗ്രാമിനോട് അനുബന്ധമായ Disciplinary/ Interdisciplinary minors, Skill based courses എന്നിവ തെരഞ്ഞെടുക്കാവുന്നതാണ്. നാല് വർഷ ബിരുദപ്രോഗ്രാമിൽ വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനും നൈപുണ്യ വികസനത്തിനും ഊന്നൽ നൽകുന്നു. സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സ് ആൻഡ് കരിയർ പ്ലാനിംഗ് (CSDCCP) എന്ന പേരിൽ സെന്ററുകൾ സ്ഥാപിച്ച് നൈപുണ്യവികസനത്തിന് സാധ്യത വർധിപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ ഏജൻസികളായ ASAP, KASE, കെൽട്രോൺ, |

റൂട്രോണിക്സ് , സി-ആപ്റ്റ്, ICT Academy തുടങ്ങിയ സ്ഥാപനങ്ങളെ KSHEC മുഖേന നൈപുണ്യ പരിശീലനത്തിന് എംപാനൽ ചെയ്തിട്ടുണ്ട്.

അതുപോലെ, FYUGP -യിലെ നാലാം വർഷ ഓണേഴ്സ് പ്രോഗ്രാമിൽ വ്യവസായ പ്രോജക്ട് അല്ലെങ്കിൽ ഇന്റേൺഷിപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി വിദ്യാർത്ഥികൾക്ക് കമ്പനികളിലും ഗവേഷണ സ്ഥാപനങ്ങളിലും പ്രൊഫഷണൽ സംഘടനകളിലും പ്രവർത്തിച്ച് യാഥാർത്ഥ്യ ലോകപ്രശ്നങ്ങൾ പരിഹരിക്കാനും വിലപ്പെട്ട പ്രവൃത്തി പരിചയം നേടാനും കഴിയും. ഗവേഷണ രംഗത്തേക്ക് കടക്കാൻ ശ്രമിക്കുന്ന വിദ്യാർത്ഥികൾക്ക് നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ റെഗുലേഷനിൽ നാലുവർഷ യു ജി ഡിഗ്രി (Honours with research) എന്ന ഓപ്ഷനും ഉൾപ്പെടുത്തിയിട്ടുണ്ട്.

കെൽട്രോണുമായി സഹകരിച്ച് ഇന്റേൺഷിപ് പോർട്ടൽ തയ്യാറാക്കി ഒരു ലക്ഷം ഇന്റേൺഷിപ് അവസരങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന സർവകലാശാല ക്യാമ്പസുകളോട് ചേർന്ന് റിസർച്ച് പാർക്കുകൾ സ്ഥാപിക്കുക, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുക, ഇൻഡസ്ട്രി ഓൺ ക്യാമ്പസ് വഴിയും സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് ഇൻക്യുബേഷൻ സെന്റർ വഴിയും സ്റ്റാർട്ട് അപ്പുകൾ തുടങ്ങുക എന്നിങ്ങനെ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഉപരിപഠനത്തിനായി വിദ്യാർത്ഥികൾ വിദേശരാജ്യങ്ങളെ ആശ്രയിക്കുന്ന പ്രവണത കണക്കിലെടുത്ത് ഫോറിൻ കോളാബറേഷൻ പ്രോഗ്രാമുകൾ ഉൾപ്പെടെ പല നൂതനമായ അക്കാദമിക് പ്രോഗ്രാമുകളും സർവ്വകലാശാലകൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

സ്വകാര്യ കമ്പനികൾ, സിവിൽ സൊസൈറ്റി ഓർഗനൈസേഷനുകൾ, അക്കാദമിക്, കല, ആരോഗ്യസൗകര്യങ്ങൾ, സർക്കാർ ഏജൻസികൾ, സൈന്യം, ഐടി, റീട്ടെയിൽ, ഓട്ടോമോട്ടീവ്, മാനുഫാക്ചറിംഗ്, ഫിനാൻസ്, ഹെൽത്ത് കെയർ, ഇ-കൊമേഴ്സ്, ടെലികമ്മ്യൂണിക്കേഷൻസ് തുടങ്ങിയ വിവിധ മേഖലകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), മെഷീൻ ലേണിംഗ് (ML) സാങ്കേതികവിദ്യകളുടെ സ്വീകാര്യത വർദ്ധിച്ചുവരുന്നതിനാൽ, അനന്തമായ ജോലി സാധ്യതയുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സിനൊപ്പം മെഷീൻ ലേണിംഗ്, ഇന്റർനെറ്റ് ഓഫ്

| | | | |
|---|---|---|---|
| | | | തിംഗ്സ്, ക്ലൗഡ് സേവനങ്ങൾ, സൈബർ സുരക്ഷ തുടങ്ങിയ ബിരുദ/ ബിരുദാനന്തര കോഴ്സുകൾ സാങ്കേതികവകുപ്പിന് കീഴിൽ ആരംഭിച്ചിട്ടുള്ളതിനാൽ എഞ്ചിനീയറിംഗ് പഠനമേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.<br><br>സംസ്ഥാനത്തെ സർവകലാശാലകളിൽ പ്രവേശനം നേടുന്ന വിദേശ വിദ്യാർഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തിൽ കേരള സർവകലാശാലയിൽ 403, കാലിക്കറ്റ് സർവകലാശാലയിൽ 162, കുസാറ്റിൽ 398, APJAKTU -വിൽ 124, NUALS -ൽ 7 എന്നിങ്ങനെ എണ്ണം വിദേശ വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്. കേരള സർവകലാശാലയിൽ 2025 - 26 അധ്യയന വർഷത്തിൽ അപേക്ഷ സമർപ്പിച്ച വിദേശ വിദ്യാർഥികളുടെ എണ്ണം 2620 ആയി ഉയർന്നു. |
| (ബി) | അതിനുള്ള കാരണത്തെക്കുറിച്ച് സമഗ്രമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്റ്റുഡന്റ് മൊബിലിറ്റിയിൽ ദൃശ്യമായ മാറ്റങ്ങൾ പഠിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ അദ്ധ്യക്ഷനായ ഒരു സമിതി, 'Committee on Student Mobility and Expectations' രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ